തയ്യിൽ മേലൂർ ജൂനിയർ ബേസിക് സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - 3

2025 - 2026

K. MANJULA
PEN:529673
Headmistress
Thayyil Melur J.B.School
Melur- 670661

km
3/6/25

ANAGHA · S · R

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് III - 2025 - 2026

## ആമുഖം

മൂന്നാം ക്ലാസിലെ കുട്ടി എന്നത് ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചുവരുമാണ്, അതിനാൽ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗതപ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഭാഷ, പരിസരപഠനം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മ പദ്ധതി രൂപകല്പന ചെയ്യേണ്ടത്. കുട്ടികളിൽ തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടതുണ്ട്.

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - 3

# മലയാളം

## ലക്ഷ്യങ്ങൾ :-

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

* സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും
* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും
* ആസ്വദിച്ച ഭാഷാ ഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാവുകയും
* പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
* ലഘുവായ സർഗാത്മക രചനകൾ നടത്തും. കഥ, കവിത, ഡയറി, ചിത്രം)
* കഥകളെയും കവിതകളെയും മറ്റു നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

* ലക്ഷ്യമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കും (വിവരണം, സംഭാഷണം)

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-

## ജൂൺ - ജൂലായ്

1. കനകച്ചിലങ്ക

→ നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)

→ പഴഞ്ചൊല്ലുകൾ ശേഖരണം

→ കഥാശേഖരം - ക്ലാസ് ലൈബ്രറി നവീകരണം

→ നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)

→ കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

→ കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥാപ്പയറ്റ്

→ കളിയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം അഭിമുഖസംഭാഷണം

→ കലാരൂപങ്ങൾ വേഷവിധാനം - ചിത്രം ശേഖരണം ആൽബം

→ പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

## ആഗസ്റ്റ് - സെപ്റ്റംബർ

2. പലഹാരപ്പൊതി

→ കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ

→ ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
→ നാടക ശില്പശാല
→ റോൾപ്ലേ അവതരണങ്ങൾ
→ ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
→ പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
→ കത്തുകൾ മാതൃകകൾ
→ ഹരിത കർമ്മസേന അംഗങ്ങളുമായി അഭിമുഖം
→ സ്കൂൾ പത്രം
→ വിമല വിദ്യാലയം ശുചിത്വപരിപാടി തയ്യാറാക്കൽ
→ സി പി ടി എ ഓണം മികവുത്സവം
→ നാടോടിക്കഥകളുടെ അവതരണം നാടൻ പാട്ടുകളുടെ അവതരണം പാവനാടകം അവതരണം.

## ഒക്ടോബർ- നവംബർ

3. മനുഷ്യന്റെ കൈകൾ

→ കൃഷിയിടം സന്ദർശനം
→ കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
→ കുട്ടിക്കളികൾ : കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ് നാടൻ പാട്ട് ശില്പശാല
→ പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ
→ വാക്കുകളുടെ പദസൂര്യൻ നിർമ്മിക്കുക
→ ചിത്ര വിവരണം
→ ചോദ്യങ്ങൾ നിർമ്മിക്കുക - ചോദ്യോത്തരപ്പയറ്റ്

# ENGLISH - MASTER PLAN

## CLASS - III 2025-2026

**AIM :-**

To speak, Read & write English without any mistakes

**TIME :-**

June to March

To check the vocabulary and writing skills of pupils.

**Activities :-**

- June and July

→ Pre test

→ To develop listening skills and reading skills.

Listening skills :-

→ Games , Action songs.

→ Hello English Activities

→ Conversations

→ skit stories

→ use ICT

## Speaking skills :-

→ Identify the naming words from the picture

→ Identify the action words from the picture

→ Make the simple sentences using the word about picture

→ Make simple description about the picture

→ Growing sentences, picture reading, self introductions

## • August and September

→ Develop the creative speking and writing

### Reading skills :-

→ Book reading

→ Find words

→ Collect and read past tense

→ Rhyming words

→ TB Activities

### Writing skills :-

→ Make word web

→ picture description

→ word chain

→ Make words & sentencess

→ Make riddles, Conversations

→ Add more lines.

- October and November

→ To express thoughts, feelings etc...

Reading skills :-

→ Library book reading
→ Conversations, skit, stories, use ICT
→ Read notice
→ Develop story

Writing Skills :-

→ Description
→ Thoughts

- December and January

→ Develop the creative speaking and writing.

Reading skills :-

→ Library books reading
→ Conversations, skit stories use ICT
→ Develop story
→ Reads dairy

Writing skills :-

→ Dairy
→ Announcement

## • February and March

→ To improve the presentation power

### Reading Skills :-

→ Library books readings

→ Conversations, skit stories

→ Develop story

### Writing Skills :-

→ Dairy

→ Descriptions

→ Thoughts

→ Exibition

[illegible]

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് : 3

## ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗ്ഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം, മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുത്തുന്നതിന് ജ്യാമിതി സഹായകരമാണ്. നിത്യ ജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിത പഠനം ലക്ഷ്യം വെക്കുന്നു.

## ജൂൺ - ജൂലായ്

യൂണിറ്റ് 1 - രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ

തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ

തോരണം നിർമ്മാണം, തോണി നിർമ്മാണം (കളർ A4)

വെണ്ടക്കയിൽ പ്രിന്റിംഗ്

ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തു-

വെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു

## ജൂലായ്, ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശില്പശാല

നിർമ്മിക്കേണ്ടത്.

1 മുതൽ 100 വരെ എഴുതിയ ടോക്കൺ

കളിനോട്ടുകൾ

ഓരോ നോട്ടുകളും 10 എണ്ണം വീതം

കമ്പ് കെട്ടുകൾ

സംഖ്യാ സ്ട്രിപ്പുകൾ

അബാക്കസ് നിർമ്മാണം

## ആഗസ്റ്റ്, സെപ്തംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

ഒക്ടോബർ

സ്കെയിൽ നിർമ്മാണം

കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്ലാസ്

നവംബർ, ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം

ജനുവരി – മാർച്ച്

ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കാം

ഗണിതോത്സവം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് - III 2025-2026

## EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | → ചെടികൾ നിരീക്ഷിക്കുന്നു<br>→ പ്രകൃതി നടത്തം<br>→ വിത്ത് മുളപ്പിക്കൽ<br>→ വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>→ പരിസ്ഥിതി ദിനാചരണം<br>→ ഹരിതക്കാർഡ് നിർമ്മാണം | SRG |
| ജൂലൈ | → വ്യത്യസ്തതരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>→ മണ്ണ് നിരീക്ഷണം<br>→ ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണം<br>→ ശലഭങ്ങൾ വരുന്ന ചെടികൾ നട്ടുവളർത്തൽ<br>→ സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ | PTA, SRG<br>SRG, PTA |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ഓഗസ്റ്റ് | → മഴമാപിനി നിർമ്മാണം<br>→ ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം.<br>→ കിണർ സന്ദർശനം<br>→ മണ്ണ് നിരീക്ഷണം<br>→ മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>→ മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>→ ആശയപടം തയ്യാറാക്കൽ | SRG |
| സെപ്തംബർ | → ശുചിത്വ പോസ്റ്റർ നിർമ്മാണം<br>→ സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>→ ആരോഗ്യ ബോധവത്ക്കരണ സെമിനാർ<br>→ അഭിമുഖം - ആരോഗ്യപ്രവർത്തകർ | SRG<br>PTA |
| ഒക്ടോബർ | → ഫീൽഡ് ട്രിപ്പ്<br>→ പഴം/പച്ചക്കറികളുടെ നിർമ്മാണം<br>→ പലഹാര മേള<br>→ മക്കൾക്ക് ആരോഗ്യകാർഡ് ഓരോ കുട്ടിക്കും<br>→ BMI കാണുന്നു.<br>→ സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>→ ശരിയായ ഭക്ഷണശീലം പോസ്റ്റർ നിർമ്മാണം | PTA, MPTA<br>SRG |

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| നവംബർ | → ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>→ റോൾപ്ലേ - റോഡ് നിയമങ്ങൾ<br>→ Firstaid Kit തയ്യാറാക്കൽ<br>→ Firstaid - നാടകീകരണം<br>→ സ്വയംസുരക്ഷ - പത്രം കട്ടിംഗ്സ്<br>→ ചർച്ച, ബോധവത്ക്കരണം. | SRG, PTA<br>CPTA |
| ഡിസംബർ | → പരീക്ഷണങ്ങൾ, നിരീക്ഷണ പ്രവർത്തന പ്രവർത്തനം.<br>→ ഗ്ലോബ് നിർമ്മാണം, ICT<br>→ ദേശീയ പതാക വരയ്ക്കൽ<br>→ ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>→ ഭൂപട വായന<br>→ എന്റെ കേരളം<br>→ ചിത്ര രചന, കുറിപ്പ്,<br>→ ചോദ്യോത്തരപ്പയറ്റ്<br>→ ഭൂപ്രകൃതി തിരിച്ചറിയൽ | SRG<br>PTA |
| ജനുവരി<br>ഫെബ്രുവരി | → ജീവികളുടെ കൂടുകൾ ചിത്രശേഖരണം<br>→ വ്യത്യസ്ത വീടുകൾ - ആൽബം<br>→ വീട് നിർമ്മാണ ഇടം സന്ദർശനം<br>→ വ്യത്യസ്തതൊഴിലുകൾ സർവ്വേ<br>→ അഭിമുഖം, ഫീൽഡ് വിസിറ്റ്<br>→ പൊതുസ്ഥാപനം വിസിറ്റ് | SRG<br>PTA |
| മാർച്ച് | → പഠനോത്സവം | SRG, PTA |

K. MANJULA
PEN:529673
Headmistress
Thayyil Melur J.B.School
Melur- 670681

Km

# അക്കാദമിക മാസ്റ്റർ പ്ലാൻ

## തയ്യിൽ മേലൂർ. ജെ. ബി. എസ്

ക്ലാസ് : ഒന്ന്

K. MANJULA
PEN:529673
Headmistress
Thayyil Melur J.B.School
Melur- 670661

Km
3/6/25

RANISHA.P.M

# മലയാളം

പൊതുവിദ്യാലയത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മകമേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് നമ്മുടെ ലക്ഷ്യം.

# പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭ-ത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയ-ങ്ങൾ പറഞ്ഞും അവതരിപ്പിക്കുന്നതിനുമുള്ള ശേഷി നേടുന്നതിന്.
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

## മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുള്ള കുട്ടികളെയും കണ്ടെത്തുന്നു.
* കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും ചിന്തുന്ന കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## ജൂൺ

* ചിത്രക്കാർഡുകൾ നൽകൽ
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാസാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലായ്

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത.
* സ്കൂൾ ലൈബ്രറി, ക്ലാസ്ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്ത്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം.
* വായനാതലത്തിലെത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ, ചോദ്യങ്ങൾ ഉണ്ടാക്കൽ.
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണം, എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കാനുള്ള അവസരമൊരുക്കൽ.
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ.

eg: ആന

വലിയ ആന

കറുത്ത വലിയ ആന

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരമൊരുക്കൽ.
* ലഘു വിവരണങ്ങൾ ഐതിഹ്യകഥകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പു വരുത്തൽ.
* കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

## മാർച്ച്

* വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.
* ഇൻലൻഡ് മാഗസിൻ തയ്യാറാക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത്, മാസിക തയ്യാറാക്കൽ
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചിത്രവായന എന്നിവയെ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ.

# ഗണിതം

ഗണിതപഠനം രസകരവും
ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം
എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ്
'ഉല്ലാസഗണിതം' പദ്ധതിയും മുന്നോട്ടുവന്നത്.
ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയ-
ങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠി-
ക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായി-
യാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത
പ്രവർത്തനത്തിലും തത്പരമായി നേടിയെടു-
ക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം
മുന്നോട്ട് വയ്ക്കുന്നത്.

# പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു.
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
* പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

## മുന്നൊരുക്കം

* ഗണിതാശയങ്ങളിൽ മുമ്പ് കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## ജൂൺ

* 1, 2, 3, 4 .....
  1, 3, 5, 7 .....
  10, 20, 30, 40, .....
  2, 4, 6, 8, .....
  അടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
* ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലായ്

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
* ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ.

## ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ.
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂട്ടൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

## സെപ്റ്റംബർ

* ഗണിതത്തിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ.
* വിലവിവരപ്പട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരു കട, സ്കൂളിലൊരു കട

## ഒക്ടോബർ

* അങ്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ

## നവംബർ

* സ്ഥാനവില തിരിച്ചറിയൽ
* പ്രായോഗിക പ്രശ്ന പരിഹാരത്തിനായി കളിനോട്ടുകൾ തയ്യാറാക്കൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ

## ഡിസംബർ

* സംഖ്യാബോധം നിർമ്മിതിയിൽ - സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ് നിർമ്മാണം (അബാക്കസ്).
* അഞ്ചക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നം നിർധാരണം ചെയ്യൽ.

## ഫെബ്രുവരി

* ഗണിതം ആസ്വാദകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം.
* ഉല്ലാസഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.

## മാർച്ച്

* കലണ്ടർ പഠിച്ച് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്.
* കലണ്ടർ പാറ്റേണുകൾ രൂപീകരിക്കൽ
* ഗണിതാശയങ്ങൾ പ്രായോഗിക തലത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

# ENGLISH

To goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like malayalam. We have to keep the language English close to our hearts. The academic master plan is designed to ensure that not a single child goes illiterate.

# Objectives & Learning Outcomes

* Respond to simple instructions in the class room.
* Describe orally about the pictures and objects.
* Familiarize with simple words.
* Enjoy songs and sings ~~them~~ them with Rhythm and action.
* Familiarise the names of birds, animals, their young ones and identifies them from pictures.

## June

* Introduce symbol words.
* Provides picture cards.

## July

* Identify familiar words.
* Say familier words.
* Read familier words
* Write familier words.

## August

* Enjoy songs and sings them with Rhythm and action.
* Describes orally about pictures and objects using adjectives.

## September

* Read and write simple words and simple sentences.
* Provides picture cards and reading cards.

## October

* Introduce symbol picture descriptions.
* Make word chain, sentence chain.
* Make riddles.
* Describing words, rhyming words.
* Textbook activities.

## November

* Prepare reading cards.
* Provide more opportunities to read, write and speak English.
* Write Five English words daily.

## December

* Read and understand simple instructions in the classroom.
* Encourage digital reading.

## January

* Enjoy songs and sings them with action.
* Make picture albums.
* Collect picture of animals and its young ones.

## February

* English assembly once in a week.
* Provide the opportunity to express myself in the classroom.

## March

* Speaks English fluently.
* Read and write simple sentences.
* Picture reading and picture description.

KM
/6/25

K. MANJULA
PEN:529873
Headmistress
Thayyil Melur J.B.School
Melur- 670661

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്

തയ്യിൽ മേല്ലൂർ.ജെ.ബി.എസ്

തലശ്ശേരി സൗത്ത്

കണ്ണൂർ

മഞ്ജുള കെ.

# ഉള്ളടക്കം

ആമുഖം
മലയാളം പ്ലാൻ
പ്രവർത്തന കലണ്ടർ
പാട്ടരങ്ങ്
സംയുക്ത ഡയറി
ടീച്ചേഴ്സ് തീയറ്റർ
വായനോത്സവം
രചനോത്സവം
വിലയിരുത്തൽ
ഗണിത പ്ലാൻ
English plan

# ആമുഖം

ഒന്നാം ക്ലാസിലേക്ക് കടന്നുവന്ന മുഴുവൻ കുട്ടികളും ഭാഷയിൽ ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പറഞ്ഞും എഴുതിയും പങ്കിടാൻ കഴിവുള്ളവരാക്കുക എന്നതാണ് ഞാൻ മുന്നോട്ട് വെക്കുന്ന ലക്ഷ്യങ്ങളിൽ ഒന്ന്. കൂടാതെ ഗണിതത്തിലെ ഒന്നാം ക്ലാസിൽ കുട്ടികൾ നേടേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തണം. ഒപ്പം ഇംഗ്ലീഷ് ഭാഷാ വികാസവും എന്റെ ലക്ഷ്യങ്ങളിൽ ചിലതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി. എന്റെ ക്ലാസിലെ കുട്ടികളിൽ മാറ്റം വരുത്താൻ വേണ്ടിയാണ് ക്ലാസ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കിയിരിക്കുന്നത്.

# പാട്ടരങ്ങ്

സമയം - ജൂൺ - മാർച്ച്

## ഉപലക്ഷ്യങ്ങൾ

- താളാത്മകമായ ഭാഷ ആശയാവതരണ രീതി പ്രകാരങ്ങളുടെ ഭാഷാപഠനം
- താളബോധം വികാസം
- വൈവിധ്യമാർന്ന പാട്ടുകൾ പരിചയപ്പെടാനും ആസ്വദിക്കാനും അവതരിപ്പിക്കാനുമുള്ള ശേഷി
- സർഗ്ഗാത്മക സൗന്ദര്യാത്മക വികാസം

## പ്രവർത്തന ഘട്ടങ്ങൾ

* പാട്ടരങ്ങിൽ ശരീരചലനങ്ങളിലൂടെ താളത്തിനനുസരിച്ച് അവതരിപ്പിക്കുന്നു.
* ഈണവും താളവും പാലിച്ച് ഏറ്റുചൊല്ലുന്നു.
* പാട്ടിന്റെ താളത്തിനനുസരിച്ച് ഒറ്റക്കും കൂട്ടായും കൈകൊട്ടുന്നു. ആംഗ്യം കാണിക്കുന്നു
* പാടിപഠിച്ച പാട്ടുകൾ ചൊല്ലിക്കൊടുക്കുന്നു
* TBയിലെ പാട്ടുകളും വായ്ത്താരികളും താളത്തോടെയും ഈണത്തോടെയും ചൊല്ലുന്നു
* പുതിയ വാക്കുകൾ കൂട്ടിച്ചേർത്ത് വരികളും ചേർത്ത് പാടുന്നു.
* പാട്ടുകൾ ചങ്ങലയായ് ചൊല്ലുന്നു.

## സംയുക്ത ഡയറി

സമയം:- ജൂൺ - മാർച്ച്

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാർ ആക്കാൻ സംയുക്ത ഡയറി എഴുത്ത് സഹായകമാണ്.

### ഉപലക്ഷ്യങ്ങൾ

- കുട്ടികളുടെ സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുക
- പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭത്തിൽ തിരിച്ചറിഞ്ഞ് പ്രയോഗിക്കാൻ അവസരം ഒരുക്കുക.
- കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യങ്ങളിൽ എഴുതുക.
- വർഷാവസാനം തനിച്ചെഴുത്തിലേക്ക് കുട്ടികളെ എത്തിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ

* CPTA ചേരുക - പ്രക്രിയ ബോധ്യപ്പെടുത്തുക
* ഡയറി model കാണാൻ അവസരം ഒരുക്കുക
* ഡയറി മൂലം ഉണ്ടായ ഭാഷാപരമായ ഗുണങ്ങളും വ്യക്തമാക്കുക
* കുട്ടിയോടൊപ്പമിരുന്ന് ഡയറി എഴുത്ത് പ്രക്രിയ മനസ്സിലാക്കുക
* അതിനായി ഒരു note book ഉണ്ടാക്കുക
* ഡയറിയെ കുറിച്ച് ചെറു കുറിപ്പ് രക്ഷിതാക്കൾക്ക് നൽകുക
* എല്ലാ ദിവസവും ഡയറി ടീച്ചർ പരിശോധിക്കുക
* സ്റ്റാറും, ശരിയും നൽകുക
* ഡയറിയിൽ ഓർമ്മക്കുറിപ്പെഴുതൽ
* ഡയറി എഴുതാൻ പിന്തുണ വേണ്ടവർക്ക്, സഹപാഠികൾ, മറ്റു കുട്ടികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്താം. ആഴ്ചയിൽ ഒരു ഡയറി എങ്കിലും ഉണ്ടാക്കുക
* ഡയറിയിലെ പുരോഗതി വിലയിരുത്തൽ
* മികച്ച രചനകൾ ശേഖരിച്ച് portfolio ആക്കുക
* ഡയറി പ്രകാശനം

3.

സമയം - വായനോത്സവം

സംയുക്ത വായനയിൽ തുടങ്ങി ബാലസാഹിത്യ കൃതികളുടെ വായനയിൽ അവസാനിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകി കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റുക.

## ഉപലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിൽ എല്ലാകുട്ടികൾക്കും വായിക്കാനുള്ള പുസ്തകശേഖരം ഉണ്ടാക്കുക
- രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളിയാക്കുക
- എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക
- വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചിക അവതരണ ശേഷി വികസിപ്പിക്കുക
- ആശയ ഗ്രഹണ വായന, ആസ്വാദ്യ വായന പ്രോത്സാഹിപ്പിക്കുക
- കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക (മികവ്)

## പ്രവർത്തന ഘട്ടങ്ങൾ

### ജൂൺ

* ക്ലാസ് ലൈബ്രറി രൂപീകരിക്കൽ (ജൂൺ 19ന്)
* ക്ലാസ് പി.ടി.എ കൂടുന്നു.

### ജൂലായ്

- കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന പരിചയപ്പെടുത്തുന്നു
= പുസ്തകം ഓരോ കുട്ടിക്കും നൽകുന്നു.
- അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു.
= വായിച്ച കഥയിലെ ഇഷ്ട കഥാപാത്രം ചിത്രീകരിക്കുന്നു പേര് എഴുതുന്നു.

### ആഗസ്റ്റ് - നവംബർ

= കഥാ പുസ്തകം നൽകുന്നു കുട്ടി ചിത്രം നോക്കി കഥ പറയുന്നു.
- അമ്മ കഥ വായിക്കുന്നു ബാക്കി കഥ ചിത്രം നോക്കി കുട്ടി ഊഹിച്ച് പറയുന്നു.

= അമ്മ ഓരോ പേജായി ചിത്ര സൂചനകൾ ചേർത്ത് വാക്യത്തിന് ചുവട്ടിലൂടെ വിരൽ ഓടിച്ച് വായിക്കുന്നു. കേൾക്കുന്നു.
= രണ്ട് മൂന്ന് തവണ അമ്മ വായിക്കുന്നു.
= അമ്മയെ ചോദ്യം ഇല്ലാതെ കുട്ടികൾ കഥ അവതരിപ്പി[ക്കുന്നു] ആശയ ചോദ്യ ഉത്പാദിപ്പിക്കാൻ അമ്മ ഇടപെട[ുന്നു]
= ക്ലാസ് PTA യിൽ കഥ അവതരണം.

ഡിസംബർ - ഫെബ്രുവരി

= പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കു[ന്നു] അമ്മയുടെ സഹായത്തോടെ വായിക്കുന്നു.
= രണ്ട് മൂന്ന് തവണ ഒരേ പുസ്തകം വായിക്കുന്നു.
= കൂട്ടുകാരോട് അമ്മയോട് കുട്ടി താനെ വായിച്ച് പറയുന്നു
= CPTA യിൽ book പരിചയപ്പെടുത്തി കുട്ടി കഥ വായി[ക്കുന്നു]
- പഠനോത്സവത്തിൽ പൊതുജനങ്ങൾക്ക് മുന്നിൽ രചനകൾ വായിക്കുന്നു.

മാർച്ച്

= കലോത്സവം (വായനയുടെ മൂന്നാം ഘട്ടം)
= രക്ഷിതാവിന്റെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വാ[യിച്ച്] കേട്ട് കുട്ടികൾ അവ class ൽ പങ്കിടുന്ന പ്രവർത്തന[ം]
= CPTA യിൽ പുസ്തക വായന - പുസ്തക അവതരണ[ം]

ഏപ്രിൽ മെയ്

- വായനക്ക് അവധിയിൽ പുസ്തകം നൽകുന്നു.
= വായിക്കുന്ന വീഡിയോ പങ്കിടൽ
= പുസ്തകം പരിചയപ്പെടുത്തൽ
- ആശയങ്ങൾ ചിത്രീകരിക്കൽ സംഭാഷണം ചെയ്യൽ
= സ്കൂൾ വായന - രക്ഷിതാവ് - കുട്ടി ഒപ്പം ഒപ്പം
= ഇഷ്ടപ്പെട്ട കഥാപാത്രം ചിത്രീകരണം. ഇഷ്ടപ്പെടാ[ൻ] കാരണം.
- സ്വന്തമായി കഥ രചിക്കൽ.



# നിർമ്മാണ ശില്പശാല

പ്രവൃത്തി പരിചയവും ഭാഷയും ഉൾച്ചേർത്തുള്ള പ്രവർത്തനമാണ്. ഇതിനെ കൂട്ടിയോജിപ്പിക്കുന്നതാണ് നിർമ്മാണ ശിൽപശാല.

## ഉപലക്ഷ്യങ്ങൾ

1. പരിസ്ഥിതി സൗഹൃദപരമായ കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുക
2. പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളാക്കി മാറ്റുക
3. കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക

## പ്രവർത്തന ഘട്ടങ്ങൾ

* CPTA യിൽ കളിപ്പാട്ട നിർമ്മാണ ശില്പശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തുക
* നിർമ്മാണത്തിൽ വൈദഗ്ധ്യം ഉള്ളവരെ കണ്ടെത്തുക
* നിർമ്മാണത്തിനുള്ള വസ്തുക്കൾ ശേഖരിക്കുക
* രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം
* പ്രകൃതിയിൽ നിന്നും ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് ഉള്ള കളിപ്പാട്ട നിർമ്മാണത്തിൽ രക്ഷിതാവും കുട്ടിയും നിർബന്ധമാണ്.
* നിർമ്മാണ ശില്പശാല തീയതി തീരുമാനിക്കൽ (...) evng 4 pm ന് ശേഷം.
* ഉദ്ഘാടന ചടങ്ങ്, poster വേണം
* നിർമ്മിച്ച ഉത്പന്നങ്ങളുടെ പ്രദർശനം
* കളിപ്പാട്ട നിർമ്മാണ ശില്പശാല സംഘാടനത്തിൽ ഉള്ളടക്കമാവണം.

# റീഡേഴ്സ് തിയേറ്റർ

ആ: പാഠപുസ്തകത്തിലുള്ളതും പുറത്തുള്ളതും ആയ രചനകൾ ഭാവാത്മകമായി വായിക്കാനുള്ള അവസരമാണ് റീഡേഴ്സ് തിയേറ്റർ ഒരുക്കുന്നത്. സഹവർത്തിത്വ വായന.

## ഉപലക്ഷ്യങ്ങൾ

ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക. വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താൽപര്യം കൂട്ടുന്നതിന്.

## പ്രവർത്തന ഘട്ടങ്ങൾ

- CPTAയിൽ ചർച്ച ചെയ്യൽ
- Readers തിയേറ്റർ ആഘോഷത്തിന്റെ ഭാഗമായി ഉദ്ഘാടനം
- ആദ്യം ഒരു കഥ പല ഗ്രൂപ്പുകൾ അവതരിപ്പിക്കണം. (ഷോർ)
- കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതൽ ഉള്ള കഥകൾ തെരഞ്ഞെടുക്കുക
= എല്ലാ കുട്ടികളുടെ സഹകരണം ആവശ്യമാണ്
= ആരാണ് അവതാരകൻ തീരുമാനിക്കൽ, പശ്ചാത്തല കാര്യങ്ങൾ തീരുമാനിക്കൽ
= Rehersal, വായിക്കേണ്ട ക്രമം തീരുമാനിക്കൽ
= വേദിയിൽ അവതരണം

## രചനോത്സവം

ആശയാവതരണരീതി പ്രകാരമുള്ള ഭാഷാപഠനത്തിൽ കുട്ടികളുടെ ആശയ പ്രകാശനത്തിന് ആസ്വാദ്യമായ രചനാ പ്രവർത്തനം വേണം. രണ്ടാം Term മുതൽ രചനോത്സവം ആരംഭിക്കും.

### ഉപലക്ഷ്യങ്ങൾ

1. കുട്ടികളുടെ സർഗ്ഗാത്മകത വികസിപ്പിക്കുന്നതിന്
2. സ്വതന്ത്ര രചനക്ക് [വ്യവഹാരങ്ങളിലൂടെ ആശയ പ്രകാശനം] അവസരം ഒരുക്കുക.
3. അനുയോജ്യമായ ചിത്രം വച്ച് രചനയെ ആകർഷകമാക്കുക
4. രചനകൾ സഹപാഠിയുമായി പങ്കിടുക.

### പ്രവർത്തന ഘട്ടങ്ങൾ

- രക്ഷിതാക്കൾക്ക് രചനോത്സവ ശിൽപശാല
- കുട്ടികൾ ആശയം പറയുകയും മുതിർന്നവർ അവർക്കു വേണ്ടി അത് രേഖപ്പെടുത്തുകയും വേണ്ടത്.
- ചെറു വാക്യങ്ങളായിരിക്കണം
- Editing നടത്തി കൊടുക്കണം
- വായനാകാർഡുകൾ, കുഞ്ഞെഴുത്തുകൾ തയ്യാറാക്കി പ്രകാശനം

# വിലയിരുത്തൽ

## ഉപലക്ഷ്യങ്ങൾ

- സ്വയം വിലയിരുത്തൽ നടത്താൻ
- പരസ്പരം വിലയിരുത്തൽ നടത്തിയത് മെച്ചപ്പെടുത്താൻ
- അധ്യാപികയുടെ വിലയിരുത്തൽ- പിന്നോക്കം നിൽക്കുന്ന കുട്ടിയെ പരിഗണിക്കാൻ
- രക്ഷിതാക്കളുടെ വിലയിരുത്തൽ- കുട്ടിയുടെ പഠനമികവ് കണ്ടെത്താൻ
- വിദ്യാലയത്തിലെ മറ്റുള്ളവരുടെ വിലയിരുത്തൽ- ഒന്നാം ക്ലാസിലെ മികവാർന്ന പ്രവർത്തനം മനസ്സിലാക്കാൻ
- സമൂഹത്തിന്റെ വിലയിരുത്തൽ- school പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ.

## പ്രവർത്തന ഘട്ടങ്ങൾ

1. സ്വയം വിലയിരുത്തൽ - കുട്ടികൾ തന്റെ എഴുത്ത്, വായന ഉൽപന്നം, പോർട്ട്ഫോളിയോ എന്നിവ സഹപാഠികളുടെയും ടീച്ചറുടെയും എഴുത്ത്, വായന, ഉൽപന്നം എന്നിവയുമായി താരതമ്യം ചെയ്ത് മെച്ചപ്പെടുത്തൽ.
- മുൻ കാലങ്ങളിലെ സന്ദർഭങ്ങളുമായും അപ്പോൾ ലഭിച്ച feedback ബന്ധിപ്പിച്ച് വിലയിരുത്തൽ.
  സ്വന്തം പ്രവർത്തനം വിലയിരുത്തൽ
2. പരസ്പരം വിലയിരുത്തൽ
   groupകളുടെ അവതരണങ്ങൾ, ഉൽപന്നങ്ങൾ എന്നിവ വിലയിരുത്തൽ മറ്റുള്ളവരുടെ ഉൽപന്നങ്ങളുടെയും പ്രക്രിയ കളിലെയും മികവ് കണ്ടെത്തലും മെച്ചപ്പെടാനുള്ള നിർദ്ദേശം നൽകലും. വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കൽ.

3. അധ്യാപികയുടെ വിലയിരുത്തൽ
ലേഖനത്തിന്റെയും വായനയുടെയും പ്രക്രിയക്കിടയിൽ നൽകുന്ന പിന്തുണയും മെച്ചപ്പെടുത്തലും. ഓരോ പ്രവർത്തനവും വിലയിരുത്തൽ. ക്ലാസിലെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിൽ തുടർ ഗവേഷണാത്മക ഇടപെടൽ. മികവുകൾ document ചെയ്യൽ. കൃത്യമായ feedback വാചികവും ലിഖിതവും ആയി നൽകൽ. വ്യക്തിഗത പിന്തുണ ആവശ്യമുള്ളവർക്ക് നൽകൽ. അനുരൂപീകരണ പ്രവർത്തനങ്ങൾ. ടീച്ചറുടെ സ്വയം വിലയിരുത്തൽ.

4. രക്ഷിതാക്കളുടെ വിലയിരുത്തൽ.
കുട്ടികൾക്ക് ഉണ്ടായ പുരോഗതി CPTA-യിൽ പങ്കിടൽ. കുട്ടികളുടെ പങ്കാളിത്തവും പ്രകടനവും CPTAയിൽ കുട്ടികൾ നടത്തുന്ന അവതരണങ്ങൾ വിലയിരുത്തൽ. രക്ഷിതാക്കളുടെ സ്വയം വിലയിരുത്തൽ.

5. വിദ്യാലയത്തിലെ മറ്റുള്ളവരുടെ വിലയിരുത്തൽ
ഒന്നാം ക്ലാസ് കുട്ടികൾ അസംബ്ലി, മറ്റ് പൊതുവേദിയിൽ നടത്തുന്ന പ്രകടനങ്ങൾ ഒന്നാം ക്ലാസിലെ ഉത്പന്നങ്ങൾ എന്നിവ വിലയിരുത്തൽ.

6. സമൂഹത്തിന്റെ വിലയിരുത്തൽ.
ഒന്നാം ക്ലാസിന്റെ അക്കാദമിക രചനകൾ വിലയിരുത്തൽ, പഠനോത്സവ പ്രകടനങ്ങൾ വിലയിരുത്തൽ. മാധ്യമങ്ങളിൽ പങ്കിടുന്ന ഒന്നാം ക്ലാസ് വിശേഷങ്ങൾ വിലയിരുത്തൽ.

## ഗണിതം — ഒന്നാം ക്ലാസ്

### ഉപലക്ഷ്യങ്ങൾ

1. ഗണിത പഠനം കുട്ടികൾക്ക് ആസ്വാദ്യകരമായ വിഷയം ആക്കി തീർക്കാൻ
2. പിന്നോക്കാവസ്ഥ പരിഹരിക്കാൻ
3. വസ്തുക്കളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവ് വളർത്തൽ.
4. സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പഠനനേട്ടം ലക്ഷ്യം വെച്ച് ഉള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം

### പ്രവർത്തന വിശദാംശങ്ങൾ

* ഗണിത കേളികൾ – ജൂൺ മുതൽ മാർച്ച് വരെ
ക്ലാസ് റൂമിൽ കുട്ടികൾക്കായി രസകരമായ വിവിധ ഗണിത കേളികൾ നടത്തുന്നു. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.
* മഞ്ചാടി സഞ്ചി – ജൂൺ – മാർച്ച്
രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും മഞ്ചാടി സഞ്ചി. ഇതിന്റെ ഉപയോഗം പ്രാധാന്യം എന്നിവ രക്ഷിതാക്കളെ CPTA യിലൂടെ ബോധ്യപ്പെടുത്തുന്നു. സഞ്ചിയിലേക്ക് വേണ്ട സാധനങ്ങളുടെ ലിസ്റ്റ് ഒരുക്കുന്നു. അവർ ശേഖരിക്കട്ടെ.
* എന്റെ കണക്കു പുസ്തകം ജൂൺ – മാർച്ച്
ഓരോ കുട്ടിക്കും കണക്കുപുസ്തകം ഉണ്ടാകുന്നു. അത് ക്ലാസിൽ ഫലപ്രദമായി ഉപയോഗിക്കട്ടെ

# പരിസര പഠനം

## ഉപലക്ഷ്യങ്ങൾ

1. കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക.
2. തന്റെ പരിസരവുമായി ഇഴുകി ചേർന്ന് പഠിക്കുക.
3. കുട്ടികൾ ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കി നിരീക്ഷണങ്ങളിലൂടെ പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി സ്വന്തമായി നിഗമനം രൂപപ്പെടുത്തുന്നു.
4. ശാസ്ത്രബോധം വളർത്തിയെടുക്കാൻ.

## പ്രവർത്തന ഘട്ടങ്ങൾ

- പ്രകൃതി നടത്തം, നിരീക്ഷണങ്ങൾ [മരങ്ങൾ, പൂക്കൾ- ചെടികൾ പക്ഷികൾ]
- ആൽബം നിർമ്മാണം [പൂക്കൾ, പഴങ്ങൾ, വാഹനങ്ങൾ പക്ഷികൾ, തൂവലുകൾ]
- പരിസ്ഥിതി ഗാനങ്ങൾ ആലപിക്കൽ
- സ്കൂൾ പൂന്തോട്ടം നിർമ്മാണം
- ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ

# English

## Sub Objectives

1. All learners get interested in English learning.
2. All engage in games and group level activities.
3. Listen to narratives and teacher talk and show signs of understanding verbally.
4. Able to comprehend the instructions of the teacher and respond accordingly (physical response
5. Familiarise with English words denoting vehicles animals, and birds
6. All learners are able to associate the elicited text with those in the text book.
7. Familiarise with words denoting possession (have/ has)
8. Familiarise with phonitic communication expressions such as,
9. Hello, I am sorry, Thank you, Bye etc...
10. Able to describe familiar objects orally stating physical attributes such as size, colour etc...
11. Familiarise with words denoting colours and numbers
12. Familiarise with the rhythm and pattern of songs
13. Able to add own lines to given song by substituting words / phrases
14. Able to read conversation, songs, and simple descriptions graphically.

# Activities

1. using puppet and pictures to tell stories and makin the session interact by having students ask and questions.
2- playing games
3. Reading short stories and playing audio clips
4. Instructions giving involving physical actions
5. flash card matching - picture and name
6. Teaching possessive words (has/have)
7. draw apicture and describe it using words size and colour.
8- simple songs and rhymes rhythemically
9. Helping learners construct dialogues by providing scenarios and having students construct dialogues using simple sentences and expressions mixing with their mother tongue it necessary for understanding.

By implementing these activities, I will help grade I students achieve their English learning objectives in an engaging and effective way.

തയ്യിൽ മേലൂർ . ജെ. ബി. എസ്

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

## ക്ലാസ് - 4

2025 - 2026

K. MANJULA
PEN:529673
Headmistress
Thayyil Melur J.B.School
Melur- 670661

RAJISHA

Malayalam

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA |
| വായിക്കാം വളരാം | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ. പുസ്തക പരിചയം. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്. പുസ്തക സംവാദം. വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |

| | | | | |
|---|---|---|---|---|
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നുള്ള പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷി. | പ്രതിമാസം | SRG class Teacher | PTA |
| എഴുത്തുകാരുമായി | സംവദിക്കൽ. | | | |
| ലേഖന ശേഷിവർദ്ധിപ്പിക്കൽ. സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | ആവശ്യാനുസരണം. | Class Teacher | |
| കണ്ടറിയാം കേട്ടറിയാം. | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ, ICT | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ. പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം. | Class Teacher | PTA |
| രുചിച്ചറിയാം | | | | |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പുകളടങ്ങിയ പതിപ്പ് നിർമ്മാണം. | വർഷത്തിലൊന്ന്. | SRG, class Teacher, PTA. | |

| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ നടപ്പിലാക്കൽ- | ഓർമ്മ ദിനങ്ങൾ ആചരിക്കൽ. ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം. ക്വിസ്. | ആവശ്യാനുസരണം. | class teacher | PTA |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ. | വർഷത്തിലൊന്ന്. | SRG Class Teacher, CPTA HM. | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM SRG CPTA Class Teacher | PTA |

km

ENGLISH

| ഇംഗ്ലീഷ് അസംബ്ലി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലി ചേരൽ. | വർഷം മുഴുവൻ | Class Teacher. | |
| ഇംഗ്ലീഷ് ഡയറി | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ. | ആഴ്ചയിൽ മൂന്ന് ദിവസം | Class Teacher. | |
| ഇംഗ്ലീഷ് തിയേറ്റർ | | | | |
| സർഗാത്മകതാ പരിപോഷണം. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. | മാസത്തിലൊന്ന് | Class Teacher | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | | | | |
| സർഗാത്മകതാ രചനാശേഷി വികസനം. | മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത് | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കത്തിടപാട് | മാസത്തിലൊന്ന്. | Class Teacher | PTA |
| ഇംഗ്ലീഷ് കോർണർ | | | | |
| വായനാ പരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ.<br>വായനാവേള ഒരുക്കൽ.<br>പുസ്തക പരിചയം. | ആഴ്ചയിൽ ഒന്ന് | Class Teacher | Parents. |

KM 3/6/25

## Maths

### കളിക്കാം ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ. നടപ്പാക്കൽ. മൂല്യനിർണ്ണയ സങ്കലനം - വ്യവകലനം. | വർഷം മുഴുവൻ | SRC Class Teachr | |
| ഒറിഗാമിയിലൂടെ പഠിക്കാം | | | | |
| ഗണിത പഠന പ്രവർത്തനം രസകരമാക്കൽ. കരചലന ശേഷി വികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. | വർഷത്തി-ലൊരിക്കൽ | Class Teacher | PTA |
| ഗണിതലാബ് | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ. | ഗണിതലാബ് ഒരുക്കൽ. | വർഷം മുഴുവൻ | HM, SRG, Class Teacher | PTA |
| ഗണിതച്ചുമർ | | | | |
| ഗണിതരൂപങ്ങളുടെ പ്രായോ-ഗിക മൂല്യം തിരിച്ചറിയൽ | ഗണിതച്ചുമർ ഒരുക്കൽ | വർഷം മുഴുവൻ | Class Teacher | PTA |
| ഗണിത പഠനോപകരണ ശില്പശാല. | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാ-ക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | അദ്ധ്യായാനുസ-രണം | Class Tea-cher | PTA |

# EVS

## പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം, അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ. | ആവശ്യാനുസരണം. | HM CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്രപഠനം എളുപ്പവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ | വർഷം മുഴുവൻ | HM SRG, Teacher | PTA SSA |
| **ശാസ്ത്രയാത്ര.** | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ. | വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക്, ഫോക്ക് ലോർ അക്കാദമി. | ആവശ്യാനുസരണം. | HM, SRG, CPTA, Teacher | PTA |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം-ഇന്ത്യ - ഭൂപടവായന | ഭൂപടവായന, രചന, സൂചികനിർമ്മാണം | മാസത്തിലൊരിക്കൽ | SRG, Class Teacher | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ. | ആവശ്യാനുസരണം | SRG, Teacher | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രകാശനം | പതിപ്പ്, ചാർട്ട്, ആൽബം, പരീക്ഷണം പ്രദർശനം | വർഷത്തിലൊരിക്കൽ. | HM, SRG, Teacher | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികയുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM, SRG, Teacher | PTA. |

K. MANJULA
PEN:529673
Headmistress
Thayyil Melur J.B.School
Melur 670661

KM
3/6/25